DESPATCHED
On 05/06/2020

12/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2349(4)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.12108/SIC-Gen 2/2018**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

Sri. P.P. Narayanan Nambiar,
Palottu House,
Kavinmoola, Chuzhali,
Kannur District – 670 142. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
ചെങ്ങളായി ഗ്രാമപഞ്ചായത്ത്,
ചെങ്ങളായി പി.ഒ., കണ്ണൂർ ജില്ല – 670 631.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കളക്ടറേറ്റ് കോംപ്ലക്സ്,
കണ്ണൂർ ജില്ല. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 14.08.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22.09.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 23.10.2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 26.10.2018 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 14.08.2018ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, ടിയാൻ 23.12.17ൽ (രസീത് നമ്പർ 6819) നൽകിയ അപേക്ഷയിൽ കൈക്കൊണ്ട നടപടികൾ സംബന്ധിച്ച് ചോദിച്ചിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 28.06.19ൽ കമ്മീഷൻ കണ്ണൂർ കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. ഇരു കക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3. ഒരു മാസവും 22 ദിവസവും കഴിഞ്ഞതിനുശേഷമാണ് ഒന്നാം എതിർകക്ഷി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതെന്ന് അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി. മുൻ തീയതി വച്ചാണ് തനിക്ക് മറുപടി നൽകിയതെന്നും ടിയാൻ പറഞ്ഞു. 13.09.18ൽ എഴുതിയതായി രേഖപ്പെടുത്തിയിട്ടുള്ള മറുപടിക്കത്ത് ഒന്നാം എതിർകക്ഷി പോസ്റ്റ് ചെയ്തിരിക്കുന്നത് 08.11.18ലാണെന്നും, അത് തനിക്ക് ലഭിച്ചത് 10.11.18ലാണെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. ഇതിന് തെളിവായി ടിയാൻ തപാൽ കവറും കമ്മീഷൻ മുമ്പാകെ ഹാജരാക്കി.

4. എന്നാൽ 13.09.18ലെ കത്ത് 14.09.18ൽ അയച്ചതായാണ് ഓഫീസിലെ ഡസ്പാച്ച് രജിസ്റ്ററിൽ കാണിക്കുന്നതെന്ന് ഒന്നാം എതിർകക്ഷി പറഞ്ഞു. അപ്പീൽ ഹർജിക്കാരന്റെ ഒന്നാം അപ്പീലിന്മേൽ അപ്പീലധികാരി തീർപ്പ് കൽപ്പിച്ചതിനു ശേഷം ടിയാനു വീണ്ടും മറുപടി നൽകിയതായും ഒന്നാം എതിർകക്ഷി പറഞ്ഞു. ഇതേ അപേക്ഷയിൽ 31.01.2019ൽ കമ്മീഷന്റെ തിരുവനന്തപുരത്തെ ആസ്ഥാനത്തു നടന്ന ഹിയറിംഗിനുശേഷം 26.02.2019ൽ ബഹു. വിവരാവകാശ കമ്മീഷണർ ഡോ.കെ.എൽ. വിവേകാനന്ദൻ തീർപ്പാക്കുകയും ചെയ്തതാണെന്നും ഒന്നാം എതിർകക്ഷി രേഖാമൂലം നൽകിയ മൊഴിയിൽ പറഞ്ഞു.

5. ബഹു. കമ്മീഷണർ ഡോ.കെ.എൽ. വിവേകാനന്ദൻ 26.02.2019ൽ പുറപ്പെടുവിച്ച ഉത്തരവ് കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറയുന്ന പ്രകാരം ഇതേ. പരാതിയിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് പറഞ്ഞാണ് ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

6. വിവരാവകാശ കമ്മീഷൻ നേരത്തെ തന്നെ തീർപ്പു കൽപ്പിച്ച അപ്പീൽ ഹർജിയായതുകൊണ്ട്, ഇതിൽ തുടർ നടപടികൾ ആവശ്യമില്ലെന്നു കണ്ട് ഫയൽ ക്ലോസ് ചെയ്ത് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 12-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.